പതിമൂന്നാം കേരള നിയമസഭ

ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 2272 — 13.02.2013-ൽ മറുപടിയ്ക്ക്

## ആർ.ജി.ജി.വൈ പദ്ധതിയുടെ പ്രവർത്തന പുരോഗതി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ : | ശ്രീ. ആര്യാടൻ മുഹമ്മദ് (ഊർജ്ജവും ഗതാഗതവും വകുപ്പു മന്ത്രി) |
| (എ) ആർ.ജി.ജി.വൈ പദ്ധതിയുടെ പ്രർത്തന പുരോഗതി വ്യക്തമാക്കുമോ; | (എ) ആർ.ജി.ജി.വി.വൈ. പദ്ധതി പ്രകാരം, കാസർകോട്, കണ്ണൂർ, പാലക്കാട്, വയനാട്, കോഴിക്കോട്, മലപ്പുറം ജില്ലകളിൽ 31.01.2013 — വരെ 350-25 കെ.വി.എ വിതരണ ട്രാൻസ്ഫോർമർ സ്ഥാപിക്കുകയും 671.517 km എൽ.റ്റി സിംഗിൾ ഫേസ് ലൈനും, 128.12 km എൽ.റ്റി. 3 ഫേസ് ലൈനും, 424.229 km 11 കെ.വി. ലൈനും നിർമ്മിക്കുകയും 35877 ബി.പി.എൽ കുടുംബങ്ങൾക്ക് സൗജന്യ വൈദ്യുതി കണക്ഷൻ നൽകുകയും ചെയ്തു. പദ്ധതി പുരോഗതിക്കായി ഇതു വരെ 45.736 കോടി രൂപ ചെലവാക്കിയിട്ടുണ്ട്.<br>തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, ആലപ്പുഴ, കോട്ടയം, തൃശ്ശൂർ, എറണാകുളം ജില്ലകളിൽ ആർ.ജി.ജി.വി.വൈ പദ്ധതി വൈദ്യുതി ബോർഡ് നേരിട്ട് നടപ്പാക്കുന്നതിനായുള്ള അനുമതി 07.09.2012 - ൽ ലഭിച്ചു. പദ്ധതിക്കാവശ്യമായ നിർമ്മാണ സാമഗ്രികൾ ദ്രുതഗതിയിൽ വാങ്ങുന്നതിനും, പ്രവൃത്തികൾ നേരിട്ട് നടപ്പാക്കുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിച്ചു വരുന്നു. |
| (ബി) കോഴിക്കോട് ജില്ലയിൽ എത്ര കുടുംബങ്ങൾക്ക് പ്രസ്തുത പദ്ധതിയുടെ പ്രയോജനം ലഭിക്കുമെന്ന് വ്യക്തമാക്കുമോ; | (ബി) കോഴിക്കോട് ജില്ലയിൽ 11920 ബി.പി.എൽ കുടുംബങ്ങൾക്ക് ആർ.ജി.ജി.വി.വൈ പദ്ധതിയിലൂടെ കണക്ഷൻ നൽകാൻ കഴിയും. |
| (സി) പേരാമ്പ്ര മണ്ഡലത്തിലെ എത്ര കുടുംബങ്ങൾക്ക് പ്രയോജനം ലഭിക്കുമെന്നും ഇതിൽ, എത്ര പട്ടിക ജാതി കുടുംബങ്ങൾ ഉൾപ്പെട്ടിട്ടുണ്ടെന്നും വ്യക്തമാക്കുമോ? | (സി) പേരാമ്പ്ര മണ്ഡലത്തിൽ ഉദ്ദേശം 480 ബി.പി.എൽ കുടുംബങ്ങൾക്കും 20 പട്ടിക ജാതി കുടുംബങ്ങൾക്കും ആർ.ജി.ജി.വി.വൈ പദ്ധതിയുടെ പ്രയോജനം ലഭിക്കും. |

സെക്ഷൻ ഓഫീസർ.